**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1316** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കരകുളം നീന്തൽകുളം നവീകരണത്തിലെ അപാകത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം ഗ്രാമപഞ്ചായത്തിലെ കരകുളം നീന്തൽകുളത്തിന്റെ നവീകരണത്തിന് ബഡ്ജറ്റ് ഫണ്ടിൽ നിന്നും ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയ വർക്കിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് വിശദീകരിക്കാമോ;

**<u>മറുപടി:</u>** നെടുമങ്ങാട് നിയോജകമണണ്ഡലത്തിലെ കരകുളം ഗ്രാമപഞ്ചായത്തിലെ കരകുളം നീന്തൽക്കുള നവീകരണത്തിന് 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുക 1 കോടി രൂപയുടെ 20% വകയിരുത്തിയിരുന്നു. സ.ഉ(സാധാ)നം. 63/2023/കാ.യു.വ തീയതി 23.02.2023 ൽ 1 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 31.10.2025 ൽ പൂർത്തീകരിക്കുകയും ചെയ്തു. പൂൾ വൃത്തിയാക്കൽ, ജിയോടെക്സ്റ്റൈൽ ഷീറ്റ് വിരിച്ച് പൂളിന്റെ അടിത്തട്ടിൽ പ്രികാസ്റ്റ് കോൺക്രീറ്റ് സ്ലാബ് നിരത്തുന്ന പ്രവൃത്തി, സംരക്ഷണഭിത്തി, ബേബി പൂളിന്റെ മൂന്ന് മൂന്ന് വശത്തായി കോൺക്രീറ്റ് ചെയ്യൽ, വാട്ടർ പ്രൂഫ് ചെയ്ത് ബേബി പൂൾ ടൈൽ നിരത്തുക, നിലവിലുള്ള ടോയ്‌ലറ്റ് നവീകരണം, കുട്ടികളുടെ കളിസ്ഥല നവീകരണം, ഓപ്പൺ ജിം, മുൻഭാഗത്ത് ഇന്റർലോക്ക് പാകൽ, ഓട നിർമ്മാണം, പൂൾ എക്യുപ്‌മെന്റ്സ്, ഓപ്പൺ ജിം എക്യുപ്‌മെന്റ്സ്, കിഡ്സ് പ്ലേ എക്യുപ്‌മെന്റ്സ് തുടങ്ങിയ ഘടകങ്ങളാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുളത്തിന്റെ നവീകരണ പ്രവൃത്തി അനുവദിച്ച തുകയ്ക്കുള്ളിൽ നിർത്തിയാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

**(ബി)** ഈ വർക്കിന്റെ നിർമ്മാണ വേളയിൽ മെയിൻ പൂളിൽനിന്നും ബേബി പൂളിലേക്കുള്ള വെള്ളം ലീക്ക് ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;നാളിതുവരെ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നിലവിലുണ്ടായിരുന്ന നീന്തൽക്കുളത്തിൽ നവീകരണ പ്രവൃത്തി മാത്രമാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്. മെയിൻ പൂളിന്റെ ഒരു വശത്തായി ബേബി പൂളും നിർമ്മിച്ചിട്ടുണ്ടായിരുന്നു. ബേബി പൂളിനെയും മെയിൻ പൂളിനെയും വേർതിരിക്കുന്ന ഭിത്തിയിൽ നിന്നും ലീക്ക് കാണുന്നുണ്ട്. ഇത് ശാശ്വതമായി പരിഹരിക്കണമെങ്കിൽ ഭിത്തി പുനർനിർമ്മിക്കേണ്ടതായിട്ടുണ്ട്. നിലവിലെ ഭരണാനുമതി തുകയ്ക്കുള്ളിൽ നിർത്തി പ്രസ്തുത ഭിത്തിയുടെ പുനർനിർമ്മാണം സാധ്യമായിരുന്നില്ല. ഭിത്തി പുനർനിർമ്മിച്ചാൽ മാത്രമെ ഈ ലീക്ക് ശാശ്വതമായി പരിഹരിക്കുവാൻ കഴിയുകയുള്ളൂ. ഈ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ ആലോചിക്കുന്നതാണ്.

**(സി)** ഇതോടൊപ്പമുള്ള പമ്പിന്റെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടോ വ്യക്തമാക്കുമോ;

**മറുപടി:** ഡിഫക്റ്റ് ലയബിലിറ്റിയിൽ വരുന്നത് കൊണ്ട് റിപ്പെയർ ചെയ്യുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയെങ്കിലും ഇതുവരെ ചെയ്തിട്ടില്ല. ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ഉടൻ തന്നെ റിപ്പെയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(ഡി)** ഡിഫെക്ട്സ് ലയബിലിറ്റി പിരീഡിലുള്ള (ഡി.എൽ.പി) വർക്കായതിനാൽ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാമോ;വ്യക്തമാക്കുമോ?

**മറുപടി:** ബേബി പൂളിൽ നിന്നുള്ള ലീക്ക് ഇപ്പോൾ ചെയ്ത കരാറുകാരന്റെ ലയബിലിറ്റിയിൽ വരുന്നതല്ല. എന്നാൽ പമ്പിന്റെ പ്രവർത്തനം നിലവിലുള്ള കരാറുകാരന്റെ ഡിഫക്റ്റ് ലയബിലിറ്റിയിൽ വരുന്നതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**